<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
07-11-2014

## നവംബർ 15 നകം മുഴുവൻ ഗ്രാമീണ മേഖലയിലും സൗജന്യ വൈദ്യുതി കണക്ഷൻ

**- മന്ത്രി ആര്യാടൻ മുഹമ്മദ്**

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി വിതരണം (ആർജിജിവിവൈ) പ്രകാരം ഗ്രാമീണ മേഖലയിലുള്ളവർക്ക് നവംബർ 15 നകം അപേക്ഷിക്കുന്ന എല്ലാവർക്കും എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുമെന്ന് വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് പറഞ്ഞു. ഗവൺമെന്റിന്റെ ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി എല്ലാ കോൺഫെഡറേഷൻ പ്രവർത്തകരും ആത്മാർത്ഥമായി പ്രർത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രമുഖ ട്രേഡ് യൂണിയൻ നേതാവായിരുന്ന എം.എസ്.റാവുത്തറുടെ ഛായാചിത്രം തിരുവനന്തപുരത്തുള്ള വി.പി മരയ്ക്കാർ സ്മാരക മന്ദിരത്തിൽ എം.എസ്.റാവുത്തർ മെമ്മോറിയൽ കോൺഫറസ് ഹാളിൽ അനാഛാദനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന വ്യപകമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് റാവുത്തറുടെ പേരിൽ സൗജന്യ കണക്ഷൻ നൽകിയ കോൺഫെഡറേഷൻ പ്രവർത്തനത്തെ അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻറ്റിയുസി) പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡിസിസി പ്രസിഡന്റ് കെ.മോഹൻകുമാർ, ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രൻസിസ്, വി.ഗോപകുമാർ, സി.വി.രാധാകൃഷ്ണൻ, എം.വി.മനോജ്, കെ.സി.രാജൻ, സഹദേവൻ, കൊട്ടാരക്കര സണ്ണി, എ.രവീന്ദ്രൻ, എ.ഷാജി, ഷാഹുൽ ഹമീദ്, ഷൺമുഖൻ, സി.പി.പി നമ്പ്യാർ ഡോ.ഹരീസ് എന്നിവർ സംസാരിച്ചു.



സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578